**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1788

31.01.18 - ൽ മറുപടിക്ക്.

# തിരുവനന്തപുരത്ത് ആകാശ നടപ്പാത നിർമ്മിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അട്ടൂർ പ്രകാശ് | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം നഗരത്തിൽ തമ്പാനൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് നിന്നും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലേക്കും സെക്രട്ടേറിയറ്റിലേക്കും ആകാശ നടപ്പാത നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതിനുള്ള താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; പദ്ധതിക്ക് എത്ര കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്; | (ബി) ഉണ്ട്. പദ്ധതിക്ക് 300-400 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. |
| (സി) പാതയുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടി വരുമോ; എങ്കിൽ എത്ര കച്ചവട സ്ഥാപനങ്ങളെ പദ്ധതി ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) തിരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിന്റെ പ്രാഥമിക സാധ്യത പഠന റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ എത്ര സ്ഥലം വേണ്ടിവരുമെന്നും, എത്ര കച്ചവട സ്ഥാപനങ്ങൾ ബാധിക്കപ്പെടുമെന്നും അറിയാൻ കഴിയുകയുള്ളൂ. |
| (ഡി) ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ നടപ്പാതയുടെ രൂപരേഖ തയ്യാറാക്കുമോ? | (ഡി) ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ നടപ്പാതയുടെ രൂപരേഖ തയ്യാറാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ